പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6732 01.11.2011- ലെ മറുപടി

## കോഴിക്കോട്, പാലക്കാട് ഭാഗത്തേക്ക് ബസ് സർവ്വീസ്

ചോദ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ഉത്തരം

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ വാങ്ങാനുദ്ദേശിക്കുന്നുവെന്നും കേന്ദ്രത്തിൽ നിന്നും എത്ര ബസ്സുകൾ ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നും അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി പുതിയതായി ഈ സാമ്പത്തിക വർഷം 1,000 ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നു. കേന്ദ്ര സർക്കാരിന്റെ JnNURM പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 56 ബസ്സുകൾ ലഭിക്കാൻ സാദ്ധ്യതയുണ്ട്. |
| (ബി) | കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് കോഴിക്കോട് ഭാഗത്തേക്കും പാലക്കാട് ഭാഗത്തേക്കും പുതിയ എ.സി . ബസ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി യുടെ ദീർഘദൂര, ദീർഘദൂര അന്തർ സംസ്ഥാന റൂട്ടുകളിൽ സർവ്വീസ് നടത്തുന്ന എ.സി. ബസ്സുകളിൽ ഭൂരിപക്ഷവും കാലപ്പഴക്കത്തെ തുടർന്ന് അറ്റകുറ്റപണികൾക്കായി മാറ്റി പുതിയ എക്സ്പ്രസ് എയർ ബസ്സുകൾ നൽകി കഴിഞ്ഞു. പുതിയ എ.സി. ബസ്സുകൾ ലഭ്യമല്ലാത്തതിനാൽ കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും കോഴിക്കോട് ഭാഗത്തേയ്ക്കും, പാലക്കാട് ഭാഗത്തേയ്ക്കും എ.സി. ബസ്സുകൾ അനുവദിക്കണമെന്ന ആവശ്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ